**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 196** **23-01-2025 - ൽ മറുപടിയ്ക്ക്**

**കടയിരിപ്പ്, വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ കടയിരിപ്പ്, വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ മുൻകാലങ്ങളിൽ പോസ്റ്റ്മോർട്ടം അടക്കമുള്ള സൗകര്യങ്ങൾ ഉണ്ടായിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | ഈ രണ്ട് സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പോസ്റ്റ്മോർട്ടം അടക്കമുള്ള സൗകര്യങ്ങൾ നിലവിൽ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത കേന്ദ്രങ്ങളിൽ പോസ്റ്റ്മോർട്ടം സൗകര്യം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വ്യക്തമാക്കുമോ; | (സി) | അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത കേന്ദ്രങ്ങളിൽ പോസ്റ്റ്മോർട്ടം സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | കുന്നത്തുനാട് മണ്ഡലത്തിൽ സർക്കാർ താലൂക്ക് ആശുപത്രികൾ നിലവിലില്ല എന്ന കാര്യം പരിഗണിച്ച് മണ്ഡലത്തിലെ 8 പഞ്ചായത്തുകളിൽ നിന്നുള്ള നൂറ് കണക്കിന് സാധാരണക്കാരായ ആളുകൾ നിത്യേന ആശ്രയിക്കുന്ന പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല. സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിലുപരി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും അധിക തസ്തിക സൃഷ്ടിച്ചും അവയെ രോഗീ സൗഹൃദമാക്കുന്നതാണ് നിലവിലെ നയം. |

സെക്ഷൻ ഓഫീസർ